# ഫലസ്ത്വീൻ സംഭവവികാസങ്ങൾ അപ്രതീക്ഷിതമല്ല- ഗനൂശി

ഫലസ്ത്വീനിൽ നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ പുറത്താക്കിയ നടപടി അപ്രതീക്ഷിതമല്ലെന്ന് റാശിദ് ഗനൂശി. ഇംഗ്ലണ്ടിൽ പ്രവാസജീവിതം നയിക്കുന്ന തുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നായകനായ ഗനൂശി അൽജസീറ നെറ്റിൽ എഴുതിയ ലേഖനത്തിൽ സകല ശക്തികളും ഹമാസിനെതിരെ കൈകോർക്കുകയാണെന്ന് കുറ്റപ്പെടുത്തി. ലോകമാധ്യമങ്ങൾ പൊതുവെ ഫതഹിന്റെ പക്ഷം പിടിച്ചാണ് ഫലസ്ത്വീനിലെ ഒടുവിലത്തെ സംഭവവികാസങ്ങളെ വിശകലനം ചെയ്യുന്നത്. ഫലസ്ത്വീൻ അതോറിറ്റി പ്രസിഡന്റ് മഹ്മൂദ് അബ്ബാസിനെ പരാമർശിക്കുമ്പോൾ 'നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട' എന്ന് പ്രത്യേകം വിശേഷിപ്പിക്കുന്നു. നിയമാനുസൃതമായി തന്നെയാണ് പതിനഞ്ച് മാസം മുമ്പ് ഹമാസ് ഗവൺമെന്റ് നിലവിൽവന്നതും. അക്കാര്യം അറബ്‌ലോകത്തെ സെക്യുലർ മീഡിയ മറന്നമട്ടാണ്.

ഇസ്‌ലാമിസ്റ്റ് പശ്ചാത്തലമുള്ള പോരാളിഗ്രൂപ്പിനെ അധികാരത്തിലെത്തിച്ചതിന് ഉപരോധമേർപ്പെടുത്തി ഫലസ്ത്വീനികളെ ശിക്ഷിക്കുകയായിരുന്നു പാശ്ചാത്യ-സയണിസ്റ്റ് ശക്തികൾ. അറബ് ഭരണകൂടങ്ങളും ഇതിനെ പിന്തുണച്ചു. ദേശീയ സർക്കാർ നിലവിൽ വന്നിട്ടും ഉപരോധം ഒരിഞ്ചും നീങ്ങിയില്ല. ഹമാസിനെ ഒരു നിലക്കും ഭരണത്തിൽ പങ്കാളിയാക്കില്ല എന്ന ഉറച്ച തീരുമാനത്തിന്റെ ഭാഗമാണിത്. ഇസ്മാഈൽ ഹനിയ്യയുടെ ഗവൺമെന്റിനെ പുറത്താക്കിയ വാർത്ത വന്നയുടനെ ഉപരോധം ഇതാ നീക്കുന്നു എന്ന വാഗ്ദാനവും കേൾക്കാനായി.

കഴിഞ്ഞ ഏതാനും മാസങ്ങളായി ഫലസ്ത്വീനിൽനിന്ന് വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ അട്ടിമറിയുടെ സൂചനകൾ നിറഞ്ഞതായിരുന്നു. പ്രസിഡന്റിന്റെ സുരക്ഷാ വിഭാഗത്തെ ശക്തിപ്പെടുത്താനായി അമേരിക്കയും ഇസ്രയേലും പണവും ആയുധങ്ങളും ഫലസ്ത്വീനിലേക്ക് കടത്തിക്കൊണ്ടിരുന്നു. പ്രസിഡന്റിന്റെ ദേഹസുരക്ഷക്ക് ഇത്രയധികം സന്നാഹങ്ങൾ ആവശ്യമില്ല. പ്രസിഡന്റിന്റെ സുരക്ഷാ സേന ഫലസ്ത്വീൻ അതോറിറ്റിയെ വരുതിയിലാക്കാൻ ശ്രമിക്കുന്നതാണ് പിന്നെ കണ്ടത്. വിധ്വംസക ശക്തികൾ തങ്ങളുടെ മേൽ ചാടിവീഴുന്നതിന് മുമ്പ് ഹമാസ് അവരെ ഗസ്സയിൽനിന്നു ഓടിക്കുകയായിരുന്നു. സ്വയം രക്ഷക്കായി തങ്ങൾക്ക് ഗസ്സ പിടിച്ചെടുക്കേണ്ടിവന്നു എന്ന് ഖാലിദ് മിശ്അൽ പറയുകയുണ്ടായി.

പ്രസിഡന്റിന്റെ സുരക്ഷാസേനക്ക് നേതൃത്വം കൊടുത്തവർ ഓടി രക്ഷപ്പെട്ടത് ഇസ്രയേൽ കേന്ദ്രങ്ങളിലേക്കാണെന്നത് പേടിക്കണം. ഇസ്രയേലുമായി അവരുണ്ടാക്കിയ രഹസ്യബാന്ധവങ്ങൾക്ക് വേണ്ടത്ര തെളിവുകൾ അവർ ഉപേക്ഷിച്ചുപോയ ഓഫീസ് മുറികളിലുണ്ട്.

ഇറാഖ്, അഫ്ഗാനിസ്താൻ, ലബനാൻ എന്നിവക്ക് ശേഷം അമേരിക്കൻ-ഇസ്രയേലീ ശക്തികൾക്ക് കിട്ടിയ നാലാമത്തെ പ്രഹരമാണ് ഗസ്സയിലെ ഹമാസിന്റെ നീക്കം എന്ന് റാശിദ് ഗനൂശി നിരീക്ഷിക്കുന്നു. പുതിയ പശ്ചാത്തലത്തിൽ ഇറാനെതിരായ ആക്രമണം ആസന്നമാണെന്നും അദ്ദേഹം കരുതുന്നു. ■

---

# വിലക്കുകൾ മറികടന്ന് ഹിജാബിന് പ്രചാരം

"തുർക്കിയിൽ ഹിജാബ് ഇന്ന് സ്ത്രീകൾ തല മറയ്ക്കാൻ ഉപയോഗിക്കുന്ന ഒരു കഷ്ണം തുണിയല്ല. അതൊരു നിലപാടും രാഷ്ട്രീയ പ്രശ്നവുമാണ്"-ഇസ്തംബൂളിലെ അറബ് പത്രപ്രവർത്തക റാനിയാ സുഅ്ബി എഴുതുന്നു. തുർക്കിയിലുടനീളം സഞ്ചരിക്കാൻ റാനിയക്ക് അവസരമുണ്ടായിട്ടുണ്ട്. ഭരണകൂടത്തിന്റെ ശക്തമായ വിലക്കുകളുണ്ടായിട്ടും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും പർദ ധരിക്കുന്നവരുടെ എണ്ണം വർധിക്കുകയാണ്. തുർക്കിയിലെ 70 ശതമാനം സ്ത്രീകളും ഇപ്പോൾ പർദ ധരിക്കുന്നുണ്ട്.

അറബ് നാടുകളിൽ പലേടത്തും ഹിജാബ് പരമ്പരാഗതമായി മുസ്‌ലിം സ്ത്രീകളുടെ വസ്ത്രധാരണ രീതിയാണ്. ചിലരെങ്കിലും അവിടെ നിർബന്ധിതാവസ്ഥയിൽ ആ വസ്ത്രധാരണം ശീലിക്കുകയാണ്. ഇതല്ല തുർക്കിയിലെ സ്ഥിതി. അറസ്റ്റ് ചെയ്യപ്പെടുമെന്നും കുറ്റം ചുമത്തപ്പെടുമെന്നും ഉറപ്പുണ്ടായിട്ടും അവർ ഹിജാബ് തെരഞ്ഞെടുക്കുന്നു. ഇരുപത്തിമൂന്നുകാരിയായ ഫാത്വിമ കദാനികഷിന് ഹിജാബ് ധരിച്ചതു കാരണം യൂനിവേഴ്സിറ്റി പ്രവേശനം നിഷേധിക്കപ്പെട്ടു. പക്ഷേ, അവർക്ക് സങ്കടമില്ല. "അധികാരം കൈപ്പിടിയിലൊതുക്കിയവർക്ക് എന്റെ നേരെ യൂനിവേഴ്സിറ്റി കവാടങ്ങൾ കൊട്ടിയടക്കാൻ കഴിഞ്ഞേക്കും. പക്ഷേ എന്റെ ജീവിതത്തെയും മുന്നോട്ടുള്ള പ്രയാണത്തെയും തടുക്കാനൊന്നും അവർക്കാവില്ല."

ഭരണകൂടത്തിന്റെ ഇടപെടൽ കാരണം ആയിരക്കണക്കിന് തുർക്കി പെൺകുട്ടികൾ ഇപ്പോൾ യൂനിവേഴ്സിറ്റി പഠനം നടത്തുന്നത് അസർബീജാൻ പോലുള്ള അയൽനാടുകളിലാണ്. പ്രധാനമന്ത്രി റജബ് ത്വയ്യിബ് ഉർദുഗാന്റെ പെൺമക്കൾക്ക് വരെ തുർക്കിയിൽ രക്ഷയില്ല. ഹിജാബിന് വിലക്കുള്ളത് കാരണം അവരിപ്പോൾ പഠിക്കുന്നത് അമേരിക്കയിലാണ്. ഭാര്യ തല മറയ്ക്കുന്നതു കാരണം ഉർദുഗാന്റെ മുമ്പിൽ പലതരം കടമ്പകൾ വലിച്ചിടുകയാണ് അവിടത്തെ സൈനികനേതൃത്വം.

തുർക്കിയിലെ യൂനിവേഴ്സിറ്റികളിലെയും ഗവൺമെന്റ് സ്ഥാപനങ്ങളിലെയും കവാടങ്ങൾക്കു മുമ്പിൽ ഒരു സ്ഥിരം കാഴ്ചയുണ്ട്. തലമറച്ച് വന്ന വിദ്യാർഥിനികൾ/ ഉദ്യോഗസ്ഥകൾ ശിരോവസ്ത്രം മാറ്റി അകത്തേക്ക് കയറുന്നു. തിരിച്ചിറങ്ങുമ്പോൾ വീണ്ടും ഹിജാബ്. പഠനം തുടരണമെങ്കിലും ജോലി നിലനിർത്തണമെങ്കിലും ഇതേ ഗത്യന്തരമുള്ളൂ എന്ന അവസ്ഥ. ഇത്തരം പീഡനങ്ങൾ കാരണം മത

വിരുദ്ധരുടെ വരെ അനുഭാവം പിടിച്ചുപറ്റാൻ ഹിജാബ്ധാരിണികൾക്ക് കഴിഞ്ഞിട്ടുണ്ട്. 1997 ഫെബ്രുവരി 28-ന് നജ്മുദ്ദീൻ അർബകാന്റെ നേതൃത്വത്തിലുള്ള റഫാഹ് ഭരണത്തെ പിരിച്ചുവിട്ട ശേഷമാണ് ഔദ്യോഗിക സ്ഥാപനങ്ങളിൽ ഹിജാബിന് കർശനമായ വിലക്ക് വന്നത്. ■

## മുസ്‌ലിംകളുടെ റോൾ

*അഫ്കാറെ മില്ലി* ഉർദു മാസികയുടെ 20-ാം വാർഷികത്തോടനുബന്ധിച്ച് ദൽഹിയിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ ശ്രദ്ധേയമായി. 'മെച്ചപ്പെട്ടൊരു ലോകം- മുസ്‌ലിംകളുടെ പങ്ക്' എന്ന വിഷയത്തിലായിരുന്നു ചർച്ച. "മീഡിയയെ മുസ്‌ലിംകൾ നിയന്ത്രിക്കുന്ന ഒരു കാലം വന്നാൽ അത് മുസ്‌ലിംകൾക്കെന്നല്ല ലോക സമൂഹത്തിനാകെ ഗുണപ്രദമായിരിക്കും"- മുഖ്യ പ്രഭാഷണം നിർവഹിച്ച ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് പ്രസിഡന്റ് മൗലാനാ സയ്യിദ് റാബിഅ് ഹസനി നദ്‌വി പറഞ്ഞു. മുസ്‌ലിംകൾ മീഡിയയെ അവഗണിക്കുന്നതിലുള്ള പരിഭവം തന്നെയായിരുന്നു പിന്നീടുള്ള പ്രസംഗങ്ങളിലും നിഴലിച്ചത്. "മീഡിയ കൈയടക്കി വെച്ചവർ ഇന്ന് മൺപുറ്റിനെ മഹാപർവതമായി ചിത്രീകരിക്കുകയാണ്. മീഡിയയിൽ നമ്മുടെ അടയാളമുദ്ര പതിയണം. അല്ലെങ്കിൽ നമുക്ക് സമൂഹത്തെ സ്വാധീനിക്കാനാവുകയില്ല"- അധ്യക്ഷ പ്രസംഗം നിർവഹിച്ചുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരി അഭിപ്രായപ്പെട്ടു.

"ഇന്ന് ലോകം മുഴുക്കെ മുസ്‌ലിംകൾ ഭീകരവാദികളായി ചിത്രീകരിക്കപ്പെടുകയാണ്. ഇതിനെതിരെ മുസ്‌ലിംകൾ ഒത്തുചേർന്ന്, തങ്ങൾ സമാധാനത്തിന്റെ വക്താക്കളാണെന്ന് ലോകത്തെ ബോധ്യപ്പെടുത്തുന്ന തരത്തിൽ ഒരു കർമപരിപാടി ആവിഷ്കരിക്കണം. ഇത് പ്രയോഗവത്കരിക്കണമെങ്കിൽ വിദ്യാഭ്യാസ, സാങ്കേതികമേഖലയിൽ മുസ്‌ലിംകൾ മികവ് പുലർത്തിയേ മതിയാവൂ"-ഉദ്ഘാടകനായ രാജ്യസഭാ ഉപാധ്യക്ഷൻ കെ. റഹ്മാൻ ഖാൻ പറഞ്ഞു. ഇസ്‌ലാമിനോടും മുസ്‌ലിംകളോടും മുഖ്യധാരാ മാധ്യമങ്ങൾ വിവേചനം കാട്ടുന്നു എന്ന ആരോപണത്തിൽ കഴമ്പില്ലെന്ന പക്ഷക്കാരനാണ് *മില്ലി ഗസറ്റ്* ഇംഗ്ലീഷ് ദ്വൈവാരികയുടെ എഡിറ്റർ ഡോ. സഫറുൽ ഇസ്‌ലാം ഖാൻ. "തങ്ങളുടെ പക്ഷം മീഡിയക്കു മുമ്പാകെ സമർഥമായി അവതരിപ്പിക്കുന്ന വിദ്യ മുസ്‌ലിംകൾക്ക് വശമില്ല. അതാണ് പ്രശ്നം."

*അഫ്കാറെ മില്ലി* എഡിറ്റർ എസ്. ക്യു.ആർ ഇൽയാസ് 20 വർഷത്തെ പത്രത്തിന്റെ സംഭാവനകൾ വിലയിരുത്തി. പ്രശസ്ത ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. നജാത്തുല്ല സിദ്ദീഖി, ഹുജ്ജത്തുൽ ഇസ്‌ലാം സീഷാൻ ഹിദായത്തി, 'സഫീനത്തുൽ ഹിദായ'യുടെ ഡയറക്ടർ അഖീൽ ഗറവി എന്നിവരും സംബന്ധിച്ചു. ■

## തെരഞ്ഞെടുപ്പ് ഫലം സർക്കോസിക്ക് താക്കീത്

ഫ്രഞ്ച് പ്രസിഡന്റ് നിക്കോളാസ് സർക്കോസിയുടെ യൂനിയൻ ഫോർ പോപ്പുലർ മൂവ്മെന്റ് (യു.എം.പി) എന്ന വലതുപക്ഷ ഭരണകക്ഷി പാർലമെന്റ് തെരഞ്ഞെടുപ്പിൽ സീറ്റുകൾ തൂത്തുവാരും എന്നായിരുന്നു സകല പ്രവചനങ്ങളും. തെരഞ്ഞെടുപ്പിൽ ഭരണകക്ഷി വിജയിച്ചെങ്കിലും തൂത്തുവാരൽ നടന്നില്ല. സർക്കോസിയെ പോലുള്ള ഒരു തീവ്രവലതുപക്ഷക്കാരന് മൃഗീയ ഭൂരിപക്ഷം നൽകിയാലുള്ള അപകടം തെരഞ്ഞെടുപ്പിന്റെ അവസാനഘട്ടത്തിൽ ഫ്രഞ്ച് ജനത തിരിച്ചറിഞ്ഞു. 577 അംഗ ഫ്രഞ്ച് ദേശീയ അസംബ്ലിയിൽ ഭരണകക്ഷിക്ക് ലഭിച്ചത് 345 സീറ്റ്. 470 സീറ്റ് കിട്ടുമെന്നായിരുന്നു പ്രവചനം. 185 സീറ്റ് നേടി സോഷ്യലിസ്റ്റുകൾ നില മെച്ചപ്പെടുത്തി.

അപ്രതീക്ഷിത തോൽവികളും സർക്കോസിക്ക് നേരിടേണ്ടിവന്നു. അദ്ദേഹത്തിന്റെ വലംകൈയായി അറിയപ്പെടുന്ന ക്ലാർസ് ഫെൽഡ് കിഴക്കൻ പാരീസിലെ മണ്ഡലത്തിൽ പരാജയപ്പെട്ടു. മുൻ പ്രധാനമന്ത്രിയും ഇപ്പോഴത്തെ പരിസ്ഥിതി മന്ത്രിയുമായ അലൻ ജൂപ്പെയും പരാജയപ്പെട്ടവരിൽ ഉൾപ്പെടും. 106 വനിതകൾ തെരഞ്ഞെടുക്കപ്പെട്ടു എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ പ്രത്യേകത. ഇത് റെക്കോർഡാണ്. കഴിഞ്ഞ പാർലമെന്റിൽ 76 വനിതാ അംഗങ്ങളാണ് ഉണ്ടായിരുന്നത്.

കറുത്ത വർഗക്കാർക്കും അറബ് വംശജർക്കുമെതിരെ സർക്കോസി നടത്തിയ പ്രചാരണം ശരിക്കും ഏറ്റു. കറുത്ത വംശജനായ ഒരാൾക്ക് മാത്രമേ ജയിക്കാനായുള്ളൂ. നിരവധി അറബ് വംശജർ മത്സരരംഗത്തുണ്ടായിരുന്നെങ്കിലും ഒരാൾ പോലും തെരഞ്ഞെടുക്കപ്പെട്ടില്ല. അറബ് കുടിയേറ്റക്കാരെ ഹാനികരമായി ബാധിക്കുന്നതാണ് പാർലമെന്റ് ആദ്യമായി ചർച്ചക്കെടുക്കുന്ന ബില്ലുകളിലൊന്ന്. പ്രവചനങ്ങളെ അട്ടിമറിച്ചുള്ള ഒടുവിലത്തെ തെരഞ്ഞെടുപ്പ് ഫലം സർക്കോസിക്കുള്ള താക്കീതാണെന്നും അപകടകരമായ നിയമനിർമാണങ്ങളിൽനിന്ന് അദ്ദേഹം പിന്തിരിയാനാണ് സാധ്യതയെന്നും രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ■